# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 22-09-2013

## സെപ്തംബർ 24 മുതൽ
## ഹർസെക്കന്ററി അധ്യാപകരുടെ അനിശ്ചിതകാല സത്യാഗ്രഹം

**(സി.പി.ഐ(എം) സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും)**

ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർസെക്കന്ററി മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് കെ.എസ്.ടി.എ യുടെ നേതൃത്വത്തിൽ സെപ്തംബർ 24 മുതൽ ഡയറക്ടറേറ്റിനുമുന്നിൽ അനിശ്ചിതകാല സത്യാഗ്രഹം ആരംഭിക്കും. രാത്രിയും തുടരുന്ന സത്യാഗ്രഹം 24 ന് രാവിലെ 10 മണിക്ക് സി.പി.ഐ(എം) സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. അഴിമതി അവസാനിപ്പിച്ച് ഓൺലൈൻ സ്ഥലംമാറ്റം നടപ്പിലാക്കുക, വൊക്കേഷണൽ-ഹയർസെക്കന്ററി അധ്യാപകരെ നിർബന്ധമായി സ്ഥലംമാറ്റിയ നടപടി പുനഃപരിശോധിക്കുക, ഏകജാലക പ്രവേശനം അട്ടിമറിച്ച് സ്പെഷ്യൽ ഓർഡറിലൂടെ അഡ്മിഷൻ നടത്തുന്ന നടപടി അവസാനിപ്പിക്കുക, പ്രിൻസിപ്പൾ പ്രമോഷൻ നടത്തുക, പുതുതായി ആരംഭിച്ച ഹയർസെക്കന്ററി സ്കൂളുകളിലും അഡീഷണൽ ബാച്ചിലും നിയമിക്കപ്പെട്ട അധ്യാപകർക്ക് നിയമനാംഗീകാരം നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് സത്യാഗ്രഹം നടക്കുന്നത്.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി